# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ. 3648 17/12/2015-ലെ മറുപടിക്ക്.

## വ്യോമ നിരീക്ഷണ സംവിധാനം

ചോദ്യം :

ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി
ശ്രീ സി.മോയിൻ കുട്ടി
ശ്രീ പി.ബി. അബ്ദുൾ റസാക്
ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി

മറുപടി :

രമേശ് ചെന്നിത്തല
ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| (എ) | തീര സുരക്ഷയും, തീരപ്രദേശങ്ങളിലെ തന്ത്രപ്രധാന സ്ഥാപനങ്ങളുടെ സുരക്ഷയും ലക്ഷ്യമിട്ടുള്ള വ്യോമ നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | തീരസുരക്ഷ ലക്ഷ്യമാക്കി 2002 മുതൽ കോസ്റ്റ് ഗാർഡ് പരിമിതമായ രീതിയിൽ വ്യോമ നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. വ്യോമ നിരീക്ഷണം പൂർണ്ണ തോതിൽ ഉപയോഗപ്പെടുത്തുന്നതിനായി നിലവിലെ വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് 'എയർ എൻക്ലേവ്' സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ കോസ്റ്റ് ഗാർഡിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കോസ്റ്റൽ പോലീസിന് വ്യോമ നിരീക്ഷണ സംവിധാനം ലഭ്യമാക്കിയിട്ടില്ല. |
| (ബി) | ഇതിനായി ഏതെല്ലാം കേന്ദ്രങ്ങളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം എന്നിവയോട് ചേർന്നുള്ള സ്ഥലം അനുയോജ്യമാണെന്ന് കോസ്റ്റ് ഗാർഡ് കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കേന്ദ്ര സർക്കാരിൽ നിന്നും പ്രസ്തുത പദ്ധതിക്ക് ധന സഹായം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സഹായവാഗ്ദാന മുണ്ടോ എന്ന വസ്തുത വ്യക്തമാക്കുമോ? | (സി) | പദ്ധതിക്ക് വേണ്ട ധനസഹായം പൂർണ്ണമായും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ